**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1007** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പുതിയങ്ങാടി കല്ലുമ്മക്കായ ഹാച്ചറി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ ജില്ലയിലെ മാടായി പഞ്ചായത്തിലെ പുതിയങ്ങാടിയിൽ നിർമ്മാണത്തിലിരിക്കുന്ന കല്ലുമ്മക്കായ ഹാച്ചറിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത് എന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമ പഞ്ചായത്തിലെ പുതിയങ്ങാടിയിൽ നിർമ്മാണത്തിലിരിക്കുന്ന കല്ലുമ്മക്കായ ഹാച്ചറിയുടെ പ്രധാന സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഹാച്ചറി പ്രവർത്തനത്തിനാവശ്യമായ കടൽജല ഫിൽട്രേഷൻ സംവിധാനം, ഗ്രീൻഹൗസ്, ടാങ്കുകൾ, പ്ലംബിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ശേഷിക്കുന്ന അനുബന്ധ പ്രവർത്തനങ്ങൾ ഐ.സി.എ.ആർ.-സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ICAR-CMFRI) സാങ്കേതിക നിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതി പുരോഗതി വിവിധ ഘട്ടങ്ങളിൽ അവലോകനം ചെയ്തുവരുന്നതോടൊപ്പം, സാങ്കേതിക നിർദ്ദേശങ്ങൾക്കനുസൃതമായി ശേഷിക്കുന്ന പ്രവർത്തനങ്ങൾ വേഗത്തിലാക്കി പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**